**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - നെൽകൃഷി ചെലവ് - ചെറുകിട കർഷകർക്ക് കൂടി ധനസഹായം ലഭ്യമാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഡി.ബി.)വകുപ്പ്**

സ.ഉ.(സാധാ)നമ്പർ. 2640/2009/തസ്വഭവ തിരുവനന്തപുരം, തീയതി: 13-10-2009

---

പരാമർശം: 1) സ.ഉ. (എം.എസ്) നം.199/2008/തസ്വഭവ; തീയതി 11.07.2008
2) സർക്കുലർ നമ്പർ 52936/ഡി.എ.1/2008/തസ്വഭവ; തീയതി 11.08.2008
3) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യുടെ 10.09.2009-ലെ 2.4-ാം നമ്പർ തീരുമാനം

**ഉത്തരവ്**

നെൽകൃഷിക്ക് വിള ഇൻഷുറൻസ് പ്രീമിയം, കൃഷി ചെലവ് എന്നിവ ഉൾപ്പെടെ നാമമാത്ര കർഷകർക്ക് ഒരു ഹെക്ടറിന് 2500 രൂപ നിരക്കിൽ ചില നിബന്ധനകൾക്ക് വിധേയമായി, തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം അനുവദിക്കുവാൻ പരാമർശം ഒന്ന്, രണ്ട് എന്നിവ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ചെറുകിട കർഷകർക്ക് കൂടി ധനസഹായം ലഭ്യമാക്കുന്നതിന് അനുമതി നൽകണമെന്ന് ചില തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

2. പ്രസ്തുത ആവശ്യം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. നെൽകൃഷി ചെലവിന് നാമമാത്ര കർഷകർക്ക് ധനസഹായം അനുവദിക്കുവാൻ പരാമർശം ഒന്ന്, രണ്ട് എന്നിവ പ്രകാരം നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി ചെറുകിട കർഷകർക്ക് കൂടി ധനസഹായം അനുവദിക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു. എന്നാൽ പരമാവധി 2500 രൂപ മാത്രമേ ധനസഹായമായി അനുവദിക്കാൻ പാടുള്ളൂ.

3. നെൽകൃഷി ചെലവിനുള്ള ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച് ചുവടെ പ്രതിപാദിക്കുന്ന വിശദീകരണങ്ങളും നൽകുന്നു.

3.1 നാമമാത്ര-ചെറുകിട കർഷകർക്ക് അനുവദിക്കാവുന്ന ധനസഹായ തുക നിശ്ചയിക്കുന്നത് ഒരു ഹെക്ടറിന് 2500 രൂപ നിരക്കിൽ നെൽക്കൃഷി ചെയ്യുന്ന പ്രദേശത്തിന്റെ വിസ്തൃതിയ്ക്ക് ആനുപാതികമായി ആയിരിക്കണം. ഒരു ഹെക്ടറിൽ കൂടുതൽ നെൽക്കൃഷി ചെയ്യുന്നുണ്ടെങ്കിൽ ധനസഹായ തുക 2500 രൂപയിൽ പരിമിതപ്പെടുത്തണം.

3.2 നെൽകൃഷിക്ക് അനുവദിക്കുന്ന ധനസഹായം വിള ഇൻഷുറൻസ് പരിപാടിയുടെ പ്രീമിയം തുക ഉൾപ്പെടെ ആയിരിക്കുമെന്നും പ്രീമിയം തുക 25:75 എന്ന അനുപാതത്തിൽ സംസ്ഥാന ഗവൺമെന്റും തദ്ദേശഭരണ സ്ഥാപനവും സംയുക്തമായി വഹിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ധനസഹായതുകയിൽ ഇൻഷുറൻസ് പ്രീമിയത്തിനുള്ള തദ്ദേശഭരണ സ്ഥാപനത്തിന്റെ വിഹിതം മാത്രം ഉൾപ്പെടുത്തിയാൽ മതിയാകും. സംസ്ഥാനവിഹിതം ഉൾപ്പെടുത്തേണ്ടതില്ല. ഉദാഹരണത്തിന് ഒരു ഹെക്ടർ പ്രദേശത്ത് നെൽകൃഷി ചെയ്യുന്ന കർഷകന് അനുവദനീയമായ 2500 രൂപയിൽ നിന്ന് ഇൻഷുറൻസ് പ്രീമിയത്തിന്റെ തദ്ദേശഭരണ സ്ഥാപനവിഹിതം കുറവ് ചെയ്ത് പ്രീമിയം അടയ്ക്കാൻ (സംസ്ഥാനവിഹിതം ഉൾപ്പെടെ) ഉപയോഗിക്കേണ്ടതും ബാക്കി തുക ധനസഹായമായി അനുവദിക്കാവുന്നതുമാണ്.

3.3 ഇൻഷുറൻസ് പ്രീമിയത്തിന്റെ സംസ്ഥാന വിഹിതം ലഭിക്കുന്നില്ലെങ്കിൽ ഗുണഭോക്തൃ വിഹിതമായി ഉൾപ്പെടുത്താവുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

1 എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാആസൂത്രണസമിതി ചെയർപേഴ്സൻമാർക്കും
7 സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്
8 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
9 ഡയറക്ടർ, കൃഷിവകുപ്പ്
10 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
11 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
12 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
13 മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം
14 ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശൂർ
15 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
16 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ, തിരുവനന്തപുരം
17 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
18 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
19 എല്ലാ ടെക്നിക്കൽ അഡ്വൈസറിഗ്രൂപ്പ് ചെയർമാൻമാർക്കും കൺവീനർമാർക്കും
20 എല്ലാ ജില്ലാ ആസൂത്രണസമിതി മെമ്പർസെക്രട്ടറി(ജില്ലാ കളക്ടർമാർ)മാർക്കും
21 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
22 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
23 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
24 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റുകളുടെയും പ്രോജക്ട് ഡയറക്ടർമാർക്ക്
25 എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മിഷണർമാർക്കും (പെർഫോമൻസ് ആഡിറ്റ്)
26 എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും
27 നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്ക്
28 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
29 സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം
30 ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
31 സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
32 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
33 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
34 പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
35 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
36 കരുതൽ ഫയൽ/ ഓഫീസ് കോപ്പി

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശസ്വയം ഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ ഡി.എ./ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്